(എഫ്) ടെലികമ്മ്യൂണിക്കേഷൻ ഹെഡ് കോൺസ്റ്റബിൾമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കാമോ?

ഉത്തരം

(എ) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ 375 കോൺസ്റ്റബിൾ മാരുടേയും 198 ഹെഡ്കോൺസ്റ്റബിൾമാരുടേയും ഒഴിവുകളാണ് അനുവദിക്ക പ്പെട്ടിട്ടുള്ളത്. ഇവ 1974-ൽ ഉള്ള അംഗീകൃത അംഗസംഖ്യയാണ്.

(ബി) പോലീസ് മോഡണൈസേഷൻ സ്കീമിന്റെ ഭാഗമായി ടെലികമ്മ്യൂണി ക്കേഷനുവേണ്ടി വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ടെലികമ്മ്യൂണിക്കേഷൻ വർക്ഷോപ്പ് നവീകരണത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 2004-2005-ലെ എം.പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 374 ലക്ഷം രൂപയുടെ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി അയച്ചിട്ടുണ്ട്. കൂടാതെ ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ പ്രധാന 3 സിറ്റികളിൽ ഡിജിറ്റൽ റേഡിയോ ട്രങ്കിംഗ് സംവിധാനം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രത്യേക അംഗസംഖ്യ വർദ്ധിപ്പിക്കേണ്ട ആവശ്യകത ഇല്ല. നിലവിലുള്ള അംഗസംഖ്യ ഉപയോഗിച്ച് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

(ഡി) നൂതന സാങ്കേതിക ഉപകരണങ്ങൾ ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിലെ ജീവനക്കാർ തന്നെയാണ് കൈകാര്യം ചെയ്തുവരുന്നത്. എന്നാൽ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള വി.എച്ച്.എഫ്. സെറ്റുകൾ അതാത് സ്റ്റേഷനുകളിലെ പോലീസുകാർ കൈകാര്യം ചെയ്യുന്നതുകൊണ്ട് അംഗസംഖ്യ വർദ്ധിപ്പിക്കേണ്ട ആവശ്യം വന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ പോലീസുകാർക്ക് വയർലെസ് സംവിധാനം പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ പരിശീലിപ്പിച്ച് പ്രവർത്തിപ്പിച്ചുവരുന്നു.

(എഫ്) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികളെ ട്രെയിനിംഗിന് വിധേ യമാക്കി ട്രെയിനിംഗ് പൂർത്തിയായതിനുശേഷം ഹെഡ്കോൺസ്റ്റബിൾ തസ്തികയി ലേയ്ക്കുള്ള യോഗ്യതാ പരീക്ഷ പാസായാൽ മാത്രമേ ടി ഉദ്യോഗാർത്ഥികളെ ഹെഡ്കോൺസ്റ്റബിൾ തസ്തികയിലേക്ക് പരിഗണിക്കാനാവൂ.

പാസ്പോർട്ടിനുവേണ്ടിയുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

47 [2533] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസുകളിൽ നിന്ന് പാസ്പോർട്ടിന് വേണ്ടിയുള്ള അപേക്ഷകർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാസ്പോർട്ടിനുവേണ്ടിയുള്ള പോലീസ് ക്ലിയറൻസിന് മലപ്പുറം ജില്ലയിൽ മറ്റു ജില്ലകളിൽ ഒന്നും ഇല്ലാത്ത ചില നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വന്തം പോലീസ് സ്റ്റേഷനിലെ സർട്ടിഫിക്കറ്റും എം. എൽ.എ.-യുടേയോ, എം. പി.-യുടേയോ ശുപാർശ കത്തും ഉണ്ടെങ്കിൽ അതത് ദിവസം സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം നൽകുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടാഫീസിൽ പോലീസ് ക്ലിയറൻസിനായി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിൽ എത്ര അപേക്ഷകൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാസ്പോർട്ട് ഓഫീസുകളിൽ നിന്നും ഡിസ്ട്രിക്ട് പാസ്പോർട്ട് കളക്ഷൻ സെന്ററുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ ഒരു കോപ്പി ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ചിലേക്കും മറ്റൊരു കോപ്പി എസ്. ബി. സി. ഐ. ഡി. ഹെഡ് ഓഫീസിലേക്കും അയച്ചു കൊടുക്കുന്നു. ഈ ഓഫീസുകളിൽ നിന്നും അപേക്ഷകന്റെ പേരിൽ യാതൊരുവിധ അപാകതകളും ഇല്ല എന്നുള്ള അന്വേഷണ റിപ്പോർട്ടു കിട്ടിയാൽ മാത്രമേ പാസ്പോർട്ട് ഓഫീസിലേക്ക് ശുപാർശ കത്ത് അയയ്ക്കുകയുള്ളൂ. ഏതെങ്കിലും അപേക്ഷകന്റെ പേരിൽ കേസുകൾ നിലവിലുണ്ട് എങ്കിൽ ആ കേസ് വിധിയായതിനുശേഷം പാസ്പോർട്ട് നൽകാം എന്നുള്ള വിവരം പാസ്പോർട്ട് ഓഫീസറെ അറിയിക്കും.

(ബി ആന്റ് സി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ഡി) 1. 2004 ജനുവരി 1 മുതൽ പാസ്പോർട്ട് ഓഫീസിൽ നിന്നും നേരിട്ട് ലഭിച്ച അപേക്ഷകൾ—28439. 2. 2004 ജനുവരി 1 മുതൽ ഡിസ്ട്രിക്ട് പാസ്പോർട്ട് കളക്ഷൻ സെന്ററിൽ നേരിട്ട് ലഭിച്ചത്—1459. ആകെ—29898 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഇ) പാസ്പോർട്ട് ഓഫീസിൽ നിന്നും നേരിട്ട് ലഭിച്ച അപേക്ഷകളിൽ 27217 അപേക്ഷകളും ഡിസ്ട്രിക്ട് പാസ്പോർട്ട് കളക്ഷൻ സെന്ററിൽ നേരിട്ട് ലഭിച്ച അപേക്ഷകളിൽ 1287 അപേക്ഷകളും ചേർത്ത് 28504 അപേക്ഷകൾക്ക് ക്ലിയറൻസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly